പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3642 — 15.07.2015 ന് മറുപടിയ്ക്ക്.

## *തൊഴിൽ നൈപുണ്യ കേന്ദ്രങ്ങൾ*

| *ചോദ്യം* | *ഉത്തരം* |
|---|---|
| ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി :<br>ശ്രീ. വി.റ്റി.ബൽറാം :<br>ശ്രീ. വർക്കല കഹാർ :<br>ശ്രീ. വി.ഡി.സതീശൻ : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) തൊഴിൽ നൈപുണ്യ കേന്ദ്രങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഉണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) 28.3.2012-ൽ സർക്കാർ ഉടമസ്ഥതയിൽ സ്ഥാപിച്ച സെക്ഷൻ 25 കമ്പനിയായ കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE) ന്റെ ഉദ്ദേശലക്ഷ്യം വിവിധ മേഖലയിൽ നൈപുണ്യവികസന കേന്ദ്രങ്ങൾ ആരംഭിക്കുക എന്നതാണ്. ടി കേന്ദ്രങ്ങളിലൂടെ അതതു മേഖലകളിൽ ശാസ്ത്രീയമായി തയ്യാറാക്കിയ പ്രത്യേക പരിശീലന പദ്ധതികളിലൂടെ തീവ്രപരിശീലനം നൽകി അതിവിദഗ്ധ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുക എന്ന ലക്ഷ്യമാണ് കൈവരിക്കാനുദ്ദേശിക്കുന്നത്. |
| (സി) പ്രസ്തുത കേന്ദ്രങ്ങൾ തുടങ്ങുന്നതിന് ആരുടെയെല്ലാം സഹകരണമാണ് പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; | (സി) വിവിധ മേഖലകളിൽ നൈപുണ്യവികസന കേന്ദ്രങ്ങൾ തുടങ്ങുന്നതിനു അതതു മേഖലയിൽ മികവു പുലർത്തുന്ന സ്വകാര്യ പങ്കാളിയെ സർക്കാർ അനുശാസിക്കുന്ന നടപടിക്രമങ്ങളിലൂടെ കണ്ടെത്തി, തുടർന്ന് KASE-മായി ധാരണാപത്രത്തിൽ ഒപ്പ് വയ്ക്കുക വഴി അവരുടെ സേവനം പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നു. |
| (ഡി) നൈപുണ്യ കേന്ദ്രങ്ങൾ തുടങ്ങുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്? | (ഡി) KASE മുഖേന വിവിധ മേഖലയിൽ നൈപുണ്യവികസന കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള തുക ബഡ്ജറ്റിൽ വകയിരുത്തി പ്ലാൻ ഫണ്ട് അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ